പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1420 22. 03. 2013- ലെ മറുപടി

ഗൾഫ് നാട്ടുകളിലെ മലയാളി സ്ത്രീകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.ഉമ്മർ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) ഗൾഫ് രാജ്യങ്ങളിൽ ജോലിചെയ്യുന്ന മലയാളി സ്ത്രീകളെ സംബന്ധിച്ച് വിശദമായ വിവര ശേഖരണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ; | (എ) വിദേശരാജ്യങ്ങളിൽ ജോലിചെയ്യുന്ന മലയാളി സ്ത്രീകളുൾപ്പെടെയുള്ള എല്ലാ മലയാളികളെയും കുറിച്ചുള്ള സമഗ്രമായ വിവരശേഖരണത്തിനായി ഗ്രാമപഞ്ചായത്തുകളുടെയും മറ്റ് ഏജൻസികളുടെയും സഹായത്തോടുകൂടി സർവ്വെ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഗൾഫ് രാജ്യങ്ങളിൽ ജോലിചെയ്യുന്ന മലയാളി സ്ത്രീകളുടെ സുരക്ഷയ്ക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) വിദേശരാജ്യങ്ങളിൽ പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ ജോലിക്കായി പോകുന്ന സ്ത്രീകൾ അറിഞ്ഞിരിക്കേണ്ട വിവിധ നിയമവശങ്ങളെക്കുറിച്ചും സുരക്ഷിതമായ എമിഗ്രേഷൻ രീതികളെക്കുറിച്ചും വ്യാപകമായ ബോധവൽക്കരണ പദ്ധതികൾ നോർക്ക – റൂട്ട്സ് മുഖേന നടത്തിവരുന്നുണ്ട് കൂടാതെ വിദേശരാജ്യങ്ങളിൽ വച്ച് സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ നോർക്ക വകുപ്പിന്റെ ശ്രദ്ധയിൽകൊണ്ടുവരികയാണെങ്കിൽ ഉടനടിതന്നെ ബന്ധപ്പെട്ട എംബസിയുടെ ശ്രദ്ധയിൽകൊണ്ടുവന്ന് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ നാട്ടിൽ വിസാ തട്ടിപ്പിനെതിരെ പോലീസ് മുഖാന്തിരം പ്രശ്നപരിഹാരത്തിനായി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ